പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1796

25.03.13-ൽ മറുപടിക്ക്

## കടലിൽ മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സി. കെ. സദാശിവൻ<br>,, സി. കൃഷ്ണൻ<br>,, ആർ. രാജേഷ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ ഭീഷണി ഉയർത്തുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | കടൽക്ഷോഭം, സുനാമി കൊടുങ്കാറ്റ്, ദിശതെറ്റി വരുന്ന കപ്പലുകൾ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് ഭീഷണിയാകുന്നുണ്ട്. |
| (ബി) | വിദേശകപ്പലുകൾ ഉയർത്തുന്ന ഭീഷണികൾ കണക്കിലെടുത്തിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സംരക്ഷണം നൽകാൻ പുതുതായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (സി) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സംരക്ഷണം നൽകാൻ ശക്തമായ പട്രോളിംഗ് നടത്തിവരുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചാൽ കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നീ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് രക്ഷാപ്രവർത്തനം നടത്തിവരുന്നു. KMFR ആക്ട് അനുസരിച്ച് അതിർത്തി ലംഘിച്ച് മത്സ്യബന്ധനം നടത്താതിരിക്കാനുള്ള നിർദ്ദേശവും കപ്പൽ മാർഗ്ഗത്തിൽകൂടി മത്സ്യബന്ധനം നടത്താതിരിക്കാനുള്ള അറിയിപ്പുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ബോട്ടുകളും ഫിഷറീസ് സ്റ്റേഷനുകളുമായി വയർലെസ് മുഖേന ബന്ധം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. അപകടത്തിൽപെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കടൽരക്ഷാ പ്രവർത്തനങ്ങളുടെ അഭാവംമൂലം കഴിഞ്ഞ വർഷം എത്ര മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുകയുണ്ടായി; മരിച്ചവരെത്ര; | (ഡി) | കടൽ രക്ഷാ പ്രവർത്തനങ്ങളുടെ അഭാവം മൂലം മത്സ്യത്തൊഴിലാളികളാരും തന്നെ മരിച്ചിട്ടില്ല. |
| (ഇ) | അപകടവും ജീവഹാനിയും ഉണ്ടാക്കുന്ന വിദേശ കപ്പലുകളെ നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (ഇ) | ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ